തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പിഎച്ച്.ഡി കോഴ്സ്വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**MCW PCW 2403**

## സാഹിത്യരചന

## ദളിത് സാഹിത്യം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. "ജാതി വ്യവസ്ഥയാണ് ഇന്ത്യയിൽ സാമൂഹ്യ നീതിക്ക് ഏറ്റവും വലിയ തടസ്സമായി നിൽക്കുന്നത്" - ജാതിയുടെ ഉന്മൂലനത്തെ മുൻനിർത്തി ഇക്കാര്യത്തിൽ അംബേദ്കർ നിർവഹിക്കുന്ന വിമർശനത്തെ പരിചയപ്പെടുത്തുക.

2. 'ബെഗുംപുര' ഒരാദർശ സമൂഹമാകുന്നതെങ്ങനെ?

3. ദളിത് സ്വത്വനിർമ്മിതിയിൽ ഓർമ്മകൾക്കുള്ള പങ്കെന്ത്?

4. ദളിത് സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാന പ്രവണതകൾ എന്തെല്ലാമാണ്?

5. ഒരേ സമയം കൊളോണിയലും ജാതിവരേണ്യതയും നിലനിർത്തുന്നതാണ് ഇന്ത്യൻ ദേശാതികാരം എം.ബി മനോജിന്റെ ഈ നിരീക്ഷണത്തിന്റെ സാംഗത്യമെന്ത്?

6. ജാതി വ്യവസ്ഥയുടെ സൂക്ഷ്മഘടകങ്ങളെ അപഗ്രഥിക്കുമ്പോൾ തൊഴിലിനെ നിർണ്ണായക സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിന്റെ പരിമിതിയെന്താണ്?

7. ദളിത് സാഹിത്യത്തിനെതിരെ ഉയർന്നുവന്ന പ്രധാന വിമർശനങ്ങൾ എന്തെല്ലാം? ഇവയ്ക്ക് ഒ.കെ സന്തോഷ് നൽകുന്ന വിശദീകരണം എന്ത്?

8. 'ദളിതൻ' എന്ന ആത്മകഥ ദളിത് ആക്ടിവിസത്തിന്റെ സംഘർഷഭരിതമായ അസ്ഥകളെയാണ് അവതരിപ്പിക്കുന്നത് ചർച്ച ചെയ്യുക.

9. ഭൂമിക്കുവേണ്ടി ആദിവാസികൾ നടത്തിയ തീക്ഷ്ണമായ സമരങ്ങളാണ് സി.കെ ജാനുവിനെ സൃഷ്ടിച്ചത് 'അടിമമക്ക'യെ മുൻനിർത്തി ചർച്ച ചെയ്യുക.

10. ദളിത് സാഹിത്യം സാഹിത്യഭാഷയിലും ഭാവനയിലും സൃഷ്ടിച്ച വിപ്ലവകരമായ ചലനങ്ങളെ ക്രോഡീകരിക്കുക?

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. "ജാതി എന്നത് ഒരു സാമൂഹ്യപ്രശ്നം മാത്രമല്ല അത് മതം, പാരമ്പര്യം എന്നിവയാൽ കോട്ട കെട്ടി സംരക്ഷിക്കപ്പെട്ട ഒരു സ്ഥാപനമാണ്" അംബേദ്കറുടെ ഈ ആശയത്തെ വിശകലനം ചെയ്യുക.

12. ദളിത് കലാവിഷ്ക്കാരങ്ങളെ ഡി.ആർ. നാഗരാജ് വിലയിരുത്തുന്നതെങ്ങനെ?

13. ദളിത് സർഗ്ഗാത്മകതയുടെ പ്രഥമഘട്ടത്തെ സൂചിപ്പിക്കുന്ന പ്രധാന രചനകൾ ഏതെല്ലാം അവയുടെ സാമാന്യ സ്വഭാവമെന്ത്?

14. അംബേദ്കറുടെ പുരാണ വിമർശനങ്ങൾക്ക് സാഹിത്യപഠനത്തിലുള്ള സവിശേഷമായ സ്ഥാനമെന്ത്?

******